# കേരള സർക്കാർ

## സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - കോഴിക്കോട് ജില്ല - വളയം ഗ്രാമപഞ്ചായത്ത് 2007-08 വർഷത്തെ ലോക്കൽഫണ്ട് ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3.14 പ്രകാരം തടസ്സപ്പെടുത്തിയ 4,60,000/- രൂപയ്ക്ക് (നാല് ലക്ഷത്തി അറുപതിനായിരം രൂപ മാത്രം) സർക്കാർ സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

## തദ്ദേശ സ്വയംഭരണ (എബി) വകുപ്പ്

സ.ഉ.(സാധാ)നം.702/2019/തസ്വഭവ. തിരുവനന്തപുരം, തീയതി.25.3.2019

---

പരാമർശം:- 1) ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 23.10.2017 ലെ എച്ച്.സി./3935/17 നമ്പർ കത്ത്.
2) പഞ്ചായത്ത് ഡയറക്ടറുടെ 31/03/2018 ലെ എം3/5121/18 നമ്പർ കത്ത്.
3) കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 6/12/2018 തീയതിയിലെ ഡി.കെ.എസ്.എ./649/2018/പിറ്റി-3 നമ്പർ കത്ത്.

## ഉത്തരവ്

09/12/2004 ലെ ജി.ഒ.(എം.എസ്.)നം.330/2004/തസ്വഭവ പ്രകാരമുള്ള മെയിന്റനൻസ് ഗ്രാന്റ് വിനിയോഗ മാർഗ്ഗരേഖ പ്രകാരം, കൈമാറി കിട്ടിയ സ്ഥാപനങ്ങളുടെ ആസ്തികളുടെ പുനഃരുദ്ധാരണത്തിന് പ്രസ്തുത മാർഗ്ഗരേഖയിലെ ഖണ്ഡിക(4)പ്രകാരമുള്ള മുൻഗണനകൾക്ക് അനുസൃതമായി മെയിന്റനൻസ് ഗ്രാന്റ് വിനിയോഗിക്കാവുന്നതാണ്. എന്നാൽ സർക്കുലർ നമ്പർ 75230/എഫ്.എം./07/തസ്വഭവ തീയതി 30/01/2008 പ്രകാരം ഗ്രാമപഞ്ചായത്തിന്റെ തനത് ആസ്തികളുടെ സംരക്ഷണത്തിന് മെയിന്റനൻസ് ഗ്രാന്റ് ഉപയോഗിക്കുന്നത് ശരിയല്ലെന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. വളയം ഗ്രാമപഞ്ചായത്ത് ഓഫീസ് റിപ്പയറിംഗിന് 3 ലക്ഷം രൂപയും ഷോപ്പിംഗ് കോംപ്ലക്സ് റിപ്പയറിംഗിന് 1,60,000/- രൂപയും മേൽ മാർഗ്ഗരേഖകൾക്ക് വിരുദ്ധമായി മെയിന്റനൻസ് ഗ്രാന്റിൽ നിന്ന് വകമാറി ചെലവഴിച്ചിട്ടുണ്ട്. ഇക്കാരണത്താലാണ് കോഴിക്കോട് ജില്ലയിലെ വളയം ഗ്രാമപഞ്ചായത്തിലെ, കേരള സംസ്ഥാന ഓഡിറ്റ് റിപ്പോർട്ട് 2007-08 ഖണ്ഡിക 3(14) പ്രകാരം 4,60,000/- രൂപ (നാല് ലക്ഷത്തി അറുപതിനായിരം രൂപ മാത്രം) ഓഡിറ്റിൽ തടസ്സപ്പെടുത്തിയത്.

2. പഞ്ചായത്ത് ഓഫീസിൽ പ്രവർത്തിക്കുന്ന കെട്ടിടത്തിൽ തന്നെ, വിട്ടുകിട്ടിയ സ്ഥാപനങ്ങളായ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസ്, ഐ.സി.ഡി.എസ്. സൂപ്പർവൈസർ ഓഫീസ്, അസിസന്റന്റ് എഞ്ചിനീയർ ഓഫീസ് എന്നിവ പ്രവർത്തിക്കുന്നുണ്ട്. അതുപോലെ പ്രസ്തുത കെട്ടിടത്തിന്റെ ഗ്രൗണ്ട് ഫ്ലോറിലെ താഴത്തെനിലയിലെ ഷോപ്പിംഗ് കോംപ്ലക്സിൽ ഐ.ടി.ഐ., ഹോമിയോ ഡിസ്പെൻസറി എന്നിവ പ്രവർത്തിക്കുന്നു. ഇത്തരത്തിൽ വിട്ടുകിട്ടിയ സ്ഥാപനങ്ങൾ ഈ കെട്ടിടത്തിൽ പ്രവർത്തിക്കുന്നതിനാലും പ്രസ്തുത സ്ഥാപനങ്ങൾക്ക് സ്വന്തമായി കെട്ടിടം ഇല്ലാത്തതിനാലും, മെയിന്റനൻസ് ഗ്രാന്റായി ലഭിക്കുന്ന തുക ഈ സ്ഥാപനങ്ങൾക്കായി ചെലവഴിക്കാൻ കഴിയാത്ത അവസ്ഥയിലായിരുന്നുവെന്നും വളരെ കുറച്ച് മാത്രം തനത് ഫണ്ട് ലഭ്യമായ പഞ്ചായത്ത് ആയതിനാലുമാണ് മെയിന്റനൻസ് ഗ്രാന്റ് ഉപയോഗിച്ച് ടി കെട്ടിടത്തിന് പ്രവർത്തിചെയ്യേണ്ടിവന്നത് എന്നും പരാമർശം (1) പ്രകാരം പഞ്ചായത്ത് സെക്രട്ടറി വിശദീകരണം നൽകിയിട്ടുണ്ട്.

3. മേൽ വിശദീകരണം ബോധ്യപ്പെട്ട്, മാനദണ്ഡം പാലിക്കാതെ നടത്തിയ ചെലവുതുകയായ 4,60,000/- രൂപയ്ക്ക് സാധൂകരണം നൽകുന്നതിന് ഗ്രാമപഞ്ചായത്ത് തീരുമാനം, ജില്ലാ

മോണിറ്ററിംഗ് കമ്മിറ്റി തീരുമാനം, എന്നിവയോടൊപ്പം പഞ്ചായത്ത് ഡയറക്ടർ സർക്കാരിന് പരാമർശം(2) പ്രകാരം ശുപാർശ ചെയ്തിട്ടുണ്ട്.

4. ഗ്രാമപഞ്ചായത്ത് ഓഫീസ് പ്രവർത്തിക്കുന്ന കെട്ടിടത്തിൽ തന്നെയാണ് വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ, അസിസ്റ്റന്റ് എഞ്ചിനീയർ, ഐ.സി.ഡി.എസ്. സൂപ്പർവൈസർ എന്നിവരുടെ കാര്യാലയങ്ങളും ഹോമിയോ ആശുപത്രിയും ഐ.ടി.ഐ.യും പ്രവർത്തിക്കുന്നതെന്നും വളയം ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 24/08/2007 ലെ 4/2017-ാം നമ്പർ തീരുമാനം, ജില്ലാ മോണിറ്ററിംഗ് കമ്മിറ്റിയുടെ 30/10/2017 ലെ 5-ാം നമ്പർ തീരുമാനം എന്നിവ പരിഗണിച്ചും ഭാവിയിൽ ഗ്രാന്റ് തുകകൾ വകമാറ്റി, ചെലവഴിക്കരുതെന്നുമുള്ള വ്യവസ്ഥയോടെ പ്രസ്തുത ഓഡിറ്റ് പരാമർശത്തിന് സാധൂകരണം നൽകുന്നതിൽ സർക്കാരിന് ഉചിതമായ തീരുമാനം എടുക്കാവുന്നതാണെന്നും പരാമർശം (3) പ്രകാരം സ്റ്റേറ്റ് ഓഡിറ്റ് ഡയറക്ടർ അറിയിച്ചിട്ടുണ്ട്.

5. ഈ സാഹചര്യത്തിൽ പഞ്ചായത്ത് ഡയറക്ടർ, സ്റ്റേറ്റ് ഓഡിറ്റ് ഡയറക്ടർ എന്നിവരുടെ റിപ്പോർട്ടുകൾ പരിഗണിച്ച് 2007-08 സാമ്പത്തിക വർഷത്തിൽ, കോഴിക്കോട് ജില്ലയിലെ വളയം ഗ്രാമപഞ്ചായത്ത് ഓഫീസ് റിപ്പയറിംഗിന് വേണ്ടി മാർഗ്ഗരേഖകൾക്ക് വിരുദ്ധമായി വകമാറ്റി ചെലവഴിച്ച 4,60,000/- (നാല് ലക്ഷത്തി അറുപതിനായിരം രൂപ മാത്രം) രൂപയ്ക്ക്, ഭാവിയിൽ ഗ്രാന്റ് തുകകൾ വകമാറ്റി ചെലവഴിക്കരുതെന്ന വ്യവസ്ഥയോടെ, സാധൂകരണം നൽകി സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,**

**വി.എസ്.സന്തോഷ്**
**അണ്ടർ സെക്രട്ടറി**

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
സ്റ്റേറ്റ് ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോഴിക്കോട്
സെക്രട്ടറി, വളയം ഗ്രാമപഞ്ചായത്ത്, കോഴിക്കോട്
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
(സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന് വേണ്ടി)
വെബ് & ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

**ഉത്തരവിൻ പ്രകാരം,**

**സെക്ഷൻ ഓഫീസർ**